# ഗവൺമെൻറ് ഹൈ സ്കൂൾ കന്യാകുളങ്ങര

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ തലം.

# മലയാളം
# അക്കാദമിക മാസ്റ്റർ പ്ലാൻ
# ജി. എച്ച്. എസ്. കന്യാകുളങ്ങര.

## ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഒന്നായ സമഗ്ര വ്യക്തിവികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്കാണ് വായനയ്ക്കുള്ളത്

പാഠപുസ്തകങ്ങൾക്കപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർത്ഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ  അനുഭവമായി പുസ്തക വായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തര പ്രവർത്തനങ്ങളാണ് 2024 - 25 അധ്യയന കാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

## ലക്ഷ്യം

1. എട്ടു മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.
2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.
3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

## മാതൃഭാഷാപഠനം -പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.
2. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്ന വിശകലനം.

| കാരണങ്ങൾ | പരിഹാരം നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ്<br>2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല<br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്.<br>4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.<br>5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. | 1. പിറന്നാളിനൊരു പുസ്തകം<br>2. വായനക്കുറിപ്പ്.<br>3. കഥ, കവിത, ശിൽപശാല.<br>4. സെമിനാർ<br>5. ചുമർ മാഗസിൻ<br>6. കൈയെഴുത്ത് മാസിക<br>7. സാഹിത്യ പഠനയാത്ര.<br>8. അഭിമുഖം.<br>9. വായനക്കൂട്ടം - പുസ്തക ചർച്ച. |

# പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

1. <u>പിറന്നാളിനൊരു പുസ്തകം.</u>

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾ ദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി.പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും.മിഠായി വിതരണം പാടെ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും.

2. <u>വായനകുറിപ്പ്</u>

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യ രീതിയാണിത്.എല്ലാദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം.മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വായിക്കണം.അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽവെച്ച് സമ്മാനവും നൽകണം.

3. <u>കഥ ,കവിത ആസ്വാദനം - ശില്പശാല.</u>

കുട്ടികളുടെ സർഗാത്മക ശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമെ പ്രാദേശിക എഴുത്തുകാർ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്യുമെന്റ് ചെയ്യണം.

## സെമിനാർ.

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും.

## ചുമർ മാഗസിൻ.

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽ തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത ,ലേഖനം, വാർത്തകൾ തുടങ്ങി വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉൾപ്പെടുത്തണം.

## സാഹിത്യ പഠനയാത്ര.

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിൻറെ പ്രാധാന്യം ക്ലാസ് പി ടി എ യിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഇതിൻ്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരള സംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും.

# HS ENGLISH - AMP

| Aim | Activities | Duration | Responsibility | Financial Aid |
|---|---|---|---|---|
| • Developing communicative skills in listening, speaking, reading & writing. | • Spoken English classes (GOTEC)<br>• Story telling session.<br>• English corner. | • Weekly twice.<br>• Once a month.<br>• Throughout the year. | Jilla punchayath<br>Division member<br>Teachers & students | Jilla punchayath |
| • Enhancing comprehension and interpretative abilities. | • Role play<br>• Film appreciation.<br>• Poetry sessions. | • Monthly<br>• Monthly | Expert<br>Teachers & students | PTA |
| • Promoting appreciation of literature & cultural diversity. | • English fest<br>• English day<br>• English assembly | • Once a year<br>• Once a week<br>• Once a month | Teachers & PTA, students | PTA |

| Aim | Activities | Duration | Responsibility | Financial Aid |
|---|---|---|---|---|
| • Fostering confidence & competence in using English in academic and real-life situations. | • Class magazine.<br>• Book review (library day)<br>• English skill clinic. | • Once a term<br>• Once a month<br>• Throughout a year | Teacher, students, library staff | PTA |
| • Developing individual writing and reading. | • Reader's corner<br>• News reading competition.<br>• Diary writing. | | Students, Teachers PTA | PTA |

# ഹൈസ്കൂൾ ഹിന്ദി

| ലക്ഷ്യം | | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|---|
| 1. | ഹിന്ദി വായന (തെറ്റുകൂടാതെ ഹിന്ദി വായിക്കുക) | • നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ചു വായനയിലേക്ക് ആകർഷിക്കുക.<br>• ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |
| 2. | ഹിന്ദി സംസാരിക്കുക (ഹിന്ദി സംസാരിക്കുവാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുന്നതിനും നിത്യജീവിതത്തിൽ ആവശ്യം വരുമ്പോൾ തെറ്റില്ലാതെ ഹിന്ദിയിൽ സംസാരിക്കാനും കഴിയുക) | • ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കുക<br>• കുട്ടികളുമായി ഹിന്ദിയിൽ ആശയവിനിമയം നടത്തുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |
| 3. | മാഗസിൻ നിർമ്മാണം (കുട്ടികളിൽ ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക) | • കുട്ടികൾ ക്ലാസിൽ കഥ, കവിത, ചിത്രരചന തുടങ്ങിയവ യുമായി ബന്ധപ്പെട്ട രചനകൾ മാഗസിൻ ആകുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br>• ഓരോ ക്ലാസിനും ഒന്ന് എന്ന ക്രമത്തിൽ എല്ലാ ക്ലാസിലും മാഗസിൻ തയ്യാറാക്കുക | ആഗസ്റ്റ് | |
| 4. | ഹിന്ദി അസംബ്ലി (ഹിന്ദി ഭാഷയിൽ മികവ് പുലർത്തുക) | • മാസത്തിൽ ഒരു തവണ ഹിന്ദി അസംബ്ലി സംഘടിപ്പിക്കുന്നു.<br>• അസംബ്ലിയിലെ ഓരോ കാര്യങ്ങളും കുട്ടികൾക്ക് വീതിച്ചു കൊടുത്ത് കൃത്യതയോടെ ചെയ്യുന്നു. | എല്ലാ മാസവും | ഹിന്ദി അധ്യാപകർ, കുട്ടികൾ |

| | | | | |
|---|---|---|---|---|
| | | • കുട്ടികളിൽ നേതൃത്വം പാഠവും, ഭാഷയോടുള്ള താല്പര്യവും വർദ്ധിക്കുന്നു. | | |
| 5. | നാടകാവതരണം (ഹിന്ദി ഭാഷയിൽ സംസാരിക്കുവാനുള്ള കഴിവ് വർദ്ധിക്കുന്നു) | • കുട്ടികൾ (8, 9, 10) ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട നാടകം അവതരിപ്പിക്കുന്നു.<br>• കുട്ടികൾ ഭാഷയിൽ നേടിയ മികവ് വിലയിരുത്തുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | കുട്ടികൾ |
| 6. | സുരീലി ഹിന്ദി (ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗാത്മക ചിന്തകൾ വികസിപ്പിക്കുക, ഭാഷയോട് താല്പര്യം ഉണ്ടാക്കിയെടുക്കുക) | • സുരീലി ഹിന്ദിയും മോഡ്യൂൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. worksheet തയ്യാറാക്കുന്നു.<br>• സുരീലി ഹിന്ദിയുമായി ബന്ധപ്പെട്ട് കുട്ടികളുടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു | നവംബർ ഡിസംബർ ജനുവരി | ഹിന്ദി അധ്യാപകർ |
| 7. | കയ്യെഴുത്ത് മത്സരം കുട്ടികളുടെ കൈയക്ഷരം മെച്ചപ്പെടുത്തുക | • രണ്ടാഴ്ചയിൽ ഒരിക്കൽ ക്ലാസ്സിൽ തന്നെ പാഠഭാഗത്തിന്റെ ചെറിയ ഭാഗം നൽകി കയ്യെഴുത്ത് മത്സരം സംഘടിപ്പിക്കുന്നു.<br>• മത്സരത്തിൽ വിജയിക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു. | മാസത്തിൽ രണ്ട് തവണ | ഹിന്ദി അധ്യാപകർ |
| 8. | ദിനാചരണങ്ങൾ കുട്ടികൾ ഹിന്ദി ഭാഷയിൽ ദിനാചരണങ്ങളുടെ മഹത്വം മനസ്സിലാക്കുന്നു | • പ്രധാനപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.<br>• സെപ്റ്റംബർ 14 ഹിന്ദി ദിവസം കൂടുതൽ പ്രാധാന്യം നൽകി ആഘോഷിക്കുന്നു. | പ്രധാനപ്പെട്ട ദിവസങ്ങൾ | ഹിന്ദി അധ്യാപകർ |

# HS SCIENCE

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തന വിശദാംശം | ധന വിനിയോഗം | ചുമതല | കാലയളവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| തുടർപ്രവർത്തനങ്ങൾ നൽകൽ | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക | വ്യക്തിഗതമായോ ഗ്രൂപ്പായോ പ്രവർത്തനം ചെയ്യുന്നു | PTA | ശാസ്ത്ര അധ്യാപകർ | Scheme of work അനുസരിച്ചുള്ള കാലയളവ് | Unit തലത്തിൽ |
| ശാസ്ത്ര പരീക്ഷണങ്ങൾ ശാസ്ത്ര മാജിക്കുകൾ | ശാസ്ത്രത്തിലെ ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക | ശാസ്ത്രാവിഭിരുജിയുള്ള കുട്ടികൾ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ ഇവരെ ഉൾപ്പെടുത്തി ഗ്രൂപ്പുകൾ തിരിക്കുന്നു്നു. ഈ ഗ്രൂപ്പുകളിൽ പരീക്ഷണങ്ങൾ ശാസ്ത്ര മാജിക്കുകൾ ഇവ ചെയ്യാൻ അവസരം നൽകുന്നു ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കുന്നു | RMSA SSA | Science teacher | ഒരു Academic year - ൽ ഘട്ടം ഘട്ടമായി | Termly |
| ശാസ്ത്ര പുസ്തകവായന | ശാസ്ത്ര ചിന്ത ശാസ്ത്ര ബോധം ശാസ്ത്ര പുരോഗതി Enquiry skill | പഴഞ്ചൊല്ലിലെ ശാസ്ത്ര സത്യങ്ങൾ മനസ്സിലാക്കാൻ അവസരം നൽകുന്നു. ശാസ്ത്ര പുസ്തകങ്ങൾ, | | | | |

| | | | | | | |
|---|---|---|---|---|---|---|
| പ്രോജക്ടുകൾ<br>Field trip | | ജീവചരിത്ര ഗ്രന്ഥങ്ങൾ, ശാസ്ത്ര കടങ്കഥകൾ, ചോദ്യോത്തരങ്ങൾ, ലഘു പ്രോജക്ടുകൾ, എന്നിവ നൽകുന്നു. ISRO Plane tourism, Magic planet തുടങ്ങിയവ സന്ദർശനം. | PTA<br>School Fund | Library Science club<br><br>Science Teacher | Field trip -Once in an academic year Library-weekly | |
| ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ് ,കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ. | | Science teachers. | | | |
| ദിനാചരണങ്ങൾ,ജൈവകൃഷി | പാരിസ്ഥിതിക അവബോധം വളർത്തൽ. | പരിസ്ഥിതി ദിനം, ഓസോൺ ദിനം എന്നിവ ദിനാചരണങ്ങളിലൊതുക്കാതെ തുടർ പ്രവർത്തനങ്ങൾ നടത്തുക. സ്കൂൾ പരിസരത്ത് ജൈവകൃഷി നടത്തുക. | | കാർഷിക ക്ലബ്, | | |

| | | | | | | |
|---|---|---|---|---|---|---|
| | | ഔഷധത്തോട്ട നിർമ്മാണം എന്നീ പ്രവർത്തനം ഘട്ടം ഘട്ടമായി നടത്തുക. | ക്ലബ് ഫണ്ട് & ശാസ്ത്ര ഭവൻ ഫണ്ട് | പരിസ്ഥിതി ക്ലബ്, മറ്റു ക്ലബുകൾ, SPC, scout ,JRC എന്നിവയുടെ സഹായം | Academic year ൻ്റെ വിവിധ ഘട്ടങ്ങൾ | |
| മെഡിക്കൽ ക്യാമ്പ് ബോധവൽക്കരണ ക്ലാസ് സെമിനാർ | ശാസ്ത്ര പഠനത്തിൽ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിന്. | മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിലൂടെ ശാസ്ത്രത്തിൻറെ കണ്ടെത്തലുകൾ സമൂഹത്തിൽ എത്തിക്കുന്നതിന് കഴിയും. ബോധവൽക്കരണ ക്ലാസ്, കാഴ്ച പരിശോധന എന്നിവ നടത്തുന്നതിലൂടെ സമൂഹ ഇടപെടൽ ഉറപ്പാക്കാം. | SRG<br>PTA | ശാസ്ത്ര ക്ലബ്ബ് ശാസ്ത്ര അധ്യാപകൻ<br>JRC<br>SPC SCOUT | Once in an academic year | |
| ശ്രദ്ധ, നവപ്രഭ<br>Peer group learning | പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ അധികസമയം കണ്ടെത്തി പഠന പ്രവർത്തനങ്ങൾ നൽകുന്നു. | RMSA<br>SSA fund | UPSA<br>HSA | Weekly | |

# അക്കാദമിക് - മാസ്റ്റർ പ്ലാൻ. മേഖല - ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാടും മേടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |
| 2. | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക . പൗരബോധം മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ:സ്കൂൾ പാർലമെൻറ് ,മോക്ക് പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ |
| 3. | സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സ്റ്റാർട്ടപ്പ്: സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ചവെക്കുന്നു | വർഷം മുഴുവനും. | | പി. ടി.എ), |

| | | | | | |
|---|---|---|---|---|---|
| | | | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | മാനേജ്മെൻറ് |
| 4. | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചരിത്രം പിന്നിട്ട വഴികൾ: സർവ്വേ, പ്രോജക്ട്,ചർച്ചകൾ,സംവാദം, ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 5. | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപട പഠനം: ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ ,ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ . | |
| 6. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | ചരിത്രം സിനിമകളിലൂടെ: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ചരിത്ര സിനിമ പ്രദർശനം. പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ,ദിനാചരണങ്ങൾ, പ്രശ്നോത്തരി ,സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം പ്രോജക്ട്,etc. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ . | |

| | | | | | |
|---|---|---|---|---|---|
| 7. | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ ,പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | ഭൂമിയെ അറിയാൻ:<br>വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും, കേട്ടും ,തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

# Academic master plan

## മേഖല : ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയധാരണ കൈവരിക്കൽ | • പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>• പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തൽ.<br>• Maths ക്ലിനിക് : അധ്യാപകർ, പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ എന്നിവർ ചേർന്ന് maths ക്ലിനിക് രൂപീകരിച്ച് പഠന പിന്തുണ ആവശ്യമുള്ളവരെ മുന്നോട്ട് കൊണ്ടുവരുന്നു. | June<br>തുടർ പ്രവർത്തനം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ. |
| കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഗണിത ആശയ രൂപീകരണം | ഗണിത ക്ലബ്<br>• കുട്ടികളെ തെരഞ്ഞെടുക്കൽ<br>• ഗണിത ക്വിസ്<br>• ദിനാചരണങ്ങൾ<br>• പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ആശയങ്ങൾ കൈവരിക്കൽ.<br>• ഗണിത ശില്പശാല. | തുടർ പ്രവർത്തനം | അധ്യാപകർ |
| ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | • ഗണിത രൂപങ്ങളുടെ നിർമ്മിതി<br>• ക്ലാസുകളിൽ ഗണിത പഠനത്തിന് സഹായകമായ Aids നിർമ്മാണം.<br>മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക<br>• ടാലന്റ് സെർച്ച് പരീക്ഷകൾ<br>• NMMS | തുടർ പ്രവർത്തനം | അധ്യാപകർ ഗണിത ക്ലബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| ഗണിത മാഗസിൻ | ഗണിത ക്ലബിൻ്റെ പ്രവർത്തനങ്ങൾ | ജൂലൈ മാസം മുതൽ | അധ്യാപകർ ഗണിത ക്ലബ് അംഗങ്ങൾ |
| വിവരസാങ്കേതിക വിദ്യ ഗണിതത്തിൽ | ജിയോജിബ്ര അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ. പാഠപുസ്തകത്തിൽ ഓരോ പാഠഭാഗത്തോടൊപ്പം കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനങ്ങൾ | അധ്യാപകർ |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 1. | ആരോഗ്യ കായിക വിദ്യാഭ്യാസം | കായിക ക്ഷമത പരിശോധിക്കൽ | ജൂൺ മാസം | സ്കൂൾ സ്പോർട്സ് ക്ലബ് | —— | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കായികക്ഷമത പരിശോധിക്കുക. തുടർന്ന് അവർക്ക് അനുയോജ്യമായ ആരോഗ്യ ,കായിക , മാനസിക ഉല്ലാസം വർധിപ്പിക്കുന്നതിന് ആവശ്യമായ ആക്ടിവിറ്റീസ് പ്ലാൻ ചെയ്യുക. |
| 2. | യോഗ ഡേ | യോഗ ഡേ ആചരണം | ജൂൺ 21 | സ്കൂൾ സ്പോർട്സ് ക്ലബ് | —— | സ്കൂളിലെ മുഴുവൻ കുട്ടികളെയും അധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗ പരിശീലനം. |
| 3. | ആരോഗ്യ കായിക വിദ്യാഭ്യാസം. | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും Aerobics പരിശീലനം. | ജൂൺ മുതൽ ഫെബ്രുവരി വരെ | കായിക അധ്യാപിക | —— | കുട്ടികളുടെ cardio vascular efficiency വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ വ്യായാമങ്ങളും ചെറുകളികളും പരിശീലിപ്പിക്കുക. |

| | | | | | | |
|---|---|---|---|---|---|---|
| 4. | കായിക പ്രവർത്തനം | സ്കൂളിൽ കബഡി, ഹാൻ്റ് ബാൾ ഫുട്ബാൾ, ക്രിക്കറ്റ്, ബാഡ്മിൻ്റൺ, അത്ലെറ്റിസ് തുടങ്ങിയ ഗെയിംസ്, അത്‌ലറ്റിക്സ് .പരിശീലനം | ജൂൺ മുതൽ ഡിസംബർ വരെ | കായിക അധ്യാപിക | സ്കൂൾ സ്പോർട്സ് ഫണ്ട് | വിവിധ ഗെയിംസിന് ആവശ്യമായ പരിശീലനവും മറ്റ് സൗകര്യങ്ങളും നൽകി കായികതാരങ്ങളുടെ പെർഫോർമൻസ് വർദ്ധിപ്പിക്കൽ. |
| 5. | സ്കൂളിലെ ക്ലാസ്തല അത്‌ലറ്റിക് മീറ്റ് | | ജൂലൈ | അധ്യാപകർ, സ്പോർട്സ് ക്ലബ് | സ്കൂൾ സ്പോർട്സ് ഫണ്ട് | Talent identification from kiddies sub junior and junior session boys and girls. |
| 6. | ആരോഗ്യ കായിക വിദ്യാഭ്യാസം | ആക്ടിവിറ്റി ബുക്ക് പരിചയപ്പെടൽ , പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | കായിക അധ്യാപിക | | ആരോഗ്യ കായിക വിദ്യാഭ്യാസം കുട്ടികളിൽ ഫലപ്രദമായി വളർത്തിയെടുക്കാൻ ശ്രമം |

# ഗവൺമെൻറ് ഹൈസ്കൂൾ കന്യാകുളങ്ങര

## അക്കാദമിക മാസ്റ്റർ പ്ലാൻ  - യു . പി തലം

# ആമുഖം

വിദ്യാഭ്യാസം മനുഷ്യൻ്റെ സമഗ്ര വികസനത്തിനുള്ള ആധാരശിലയായിരിക്കെ ഓരോ വിദ്യാർത്ഥിയുടെയും ജ്ഞാനപരവും മാനസികവുമായ വളർച്ചയ്ക്ക് വഴികാട്ടിയാകേണ്ടത് ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും ഉത്തരവാദിത്വമാണ്. ഇക്കാലഘട്ടം നേരിടുന്ന സാങ്കേതികമായും സാമൂഹികവുമായ വൻ മാറ്റങ്ങൾ വിദ്യാഭ്യാസ രംഗത്തെ ആഴത്തിൽ സ്വാധീനിക്കുന്നു. മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്തുന്നതിന് ശാസ്ത്രീയവും ദൂരദർശിയുമായ പഠന തന്ത്രങ്ങളും പഠന പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതിൻ്റെ അനിവാര്യത മുൻനിർത്തിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നത്.

ഈ പ്ലാനിലൂടെ വിദ്യാർത്ഥികളിൽ വൈദഗ്ധ്യവും, ക്രിയാത്മക ചിന്തയും മൂല്യബോധവും ഉത്തരവാദിത്വബോധവും വളർത്തുന്നതിനുള്ള ലക്ഷ്യമാണ് ഗവൺമെൻറ് എച്ച് . എസ് കന്യാകുളങ്ങര സ്കൂളിലെ ഈ മാസ്റ്റർ പ്ലാനിലൂടെ ശ്രമിക്കുന്നത്.

# മലയാളം

| Sl No: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | 1) വാർത്താലോകത്തേക്ക്.<br>പത്രം, ആഴ്ചപ്പതിപ്പ് ,എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>2) വായന മത്സരം.<br>പാഠഭാഗങ്ങൾ വായിക്കുന്നതിലൂടെ ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു. | എല്ലാ ദിവസവും. | ക്ലാസ് ലീഡർ, കുട്ടികൾ, മലയാളം അധ്യാപകർ. | മലയാളം ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 2. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. | <u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.</u><br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | June. | മലയാളം അധ്യാപകർ. | |
| 3. | പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ. | <u>രംഗാവിഷ്കാരം</u><br><br>ലഘു നാടകങ്ങൾ, പാഠഭാഗത്തെ ആസ്പദമാക്കിയ ദൃശ്യാവിഷ്കാരം എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഒരു വർഷം | ഭാഷാധ്യാപകർ | മലയാളം ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | | എഴുത്ത് പ്രതിഭ.<br><br>ചെറുകഥകൾ ,കവിതകൾ തുടങ്ങിയവ എഴുതാനുള്ള അവസരം കൊടുക്കുന്നതിലൂടെ കുട്ടികളുടെ സൃഷ്ടിപരമായ ചിന്തയെ വളർത്താൻ സഹായകമാകുന്നു. | ഒരു വർഷം | ഭാഷാധ്യാപകർ | മലയാളം ക്ലബ്ബ് |

# ഇംഗ്ലീഷ്

| | Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|---|
| 1. | To encourage listening and speaking<br><br>-Enhance vocabulary<br><br>-Enhance listening skills | 1) News clip analysis<br><br>-Use a current news segment<br>-Students summarize the news and express their opinion | June - July | English teachers | English club |
| 2. | To Encourage reading<br><br>-Develop basic reading ,writing and speaking skills | 2)Reading corner/ book review<br><br>-provide age<br>Appropriate texts, short stories<br>- Read and discuss<br>- Summarize | August - September – October | English teachers | English club |
| 3. | To develop writing skills<br><br>- Enhance vocabulary | Diary entry<br><br>-Ask them to write diary daily / as special day in your school. | November, December, January | English teachers | English club |
| 4. | To Develop basic grammar rules.<br><br>- Introduce grammatical concepts. | Mini booklet<br>(grammar booklet)<br><br>students make a small note book with<br>page 1 : Nouns with examples<br>page 2: verb action words<br>Page 3 : adjectives describing words | February – March | English teachers | English club |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| 1. 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. (ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക.) | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |
| 2. ഹിന്ദി വായന (തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും). | • നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുക.<br>• ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |

| | | | |
|---|---|---|---|
| 3. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിപ്പിക്കുക). | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി അധ്യാപകൻ |
| 4. ആശയങ്ങൾ തെറ്റുകൂടാതെ (പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള് അവസരം) സുരിലി ഹിന്ദി | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ: (സെപ്റ്റംബർ 14,ജനുവരി 10,പ്രേം ചന്ദ് ജയന്തി).<br>• അധിക വായന സാമഗ്രികൾ<br>• ചിത്രം - കഥ പറയൽ.<br>• ചിത്രം - കഥ - എഴുതൽ<br>• വായനാമൂല | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ, കുട്ടികൾ. |

| | | | |
|---|---|---|---|
| 5. ഹിന്ദി മാഗസിൻ നിർമ്മാണം.കുട്ടികളിൽ ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. | കുട്ടികൾ ക്ലാസിൽ കഥ, കവിത, ചിത്രരചന തുടങ്ങിയവയുമായി ബന്ധപ്പെട്ട രചനകൾ മാഗസിനാക്കുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br><br>- ഓരോ ക്ലാസിനും ഒന്ന് എന്ന ക്രമത്തിൽ എല്ലാ ക്ലാസിലും മാഗസിൻ തയ്യാറാക്കുക. | ഒക്ടോബർ മുതൽ ഡിസംബർ വരെ | ഹിന്ദി അധ്യാപകൻ, കുട്ടികൾ. |
| 6. കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ. | വിവിധ മത്സരങ്ങൾ മാസത്തിൽ , ദിനാചരണവുമായി ബന്ധപ്പെട്ട് പ്രശ്നോത്തരി. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ. |
| 7. ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട വരെ മുഖ്യധാരയിൽ എത്തിക്കുക. | -എക്സ്ട്രാ ആക്ടിവിറ്റീസ്<br><br>-കൈത്താങ്ങ് | യഥാസമയം | ഹിന്ദി അധ്യാപകൻ. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു.<br><br>2) രസകരമായ ഗണിത പഠനവും കര ചലനശേഷികളുടെ വികാസവും.<br><br>3) ഗണിതം മധുരമാക്കൽ, ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | 1) <u>ഗണിത ശില്പശാല</u><br><br>ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയ . ഇതിലൂടെ അടിസ്ഥാന ഗണിതശേഷികളും ഉറപ്പിക്കുമാറ് എല്ലാ പഠിതാക്കളെയും പങ്കെടുപ്പിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിലും വ്യക്തിഗതമായും ഉള്ള പ്രവർത്തനങ്ങൾ നൽകുന്നു. ജ്യാമിതീയ രൂപങ്ങളുടെയും മറ്റു ടാൻഗ്രാം പോലെയും ഭിന്നസംഖ്യാ കാർഡുകളും മറ്റും നിർമ്മിക്കുന്നതിലൂടെ അടിസ്ഥാന ഗണിത ശേഷികളുടെ വികാസം സാധ്യമാകുന്നു.<br>തുടർന്ന് എല്ലാ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള ഉൽപ്പന്നങ്ങളുടെ ശില്പശാല ക്ലാസടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഗണിതം മധുരിതമാക്കി മാറ്റുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | ഗണിതാധ്യാപകർ | ഗണിത ക്ലബ്ബ്, പി. ടി.എ) |

| | | | | |
|---|---|---|---|---|
| 4) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു.<br><br>5) വിവിധ ശേഷികളുടെ വികസനം. | | | | |
| | 2) ഒറിഗാമി ശിൽപ്പശാല<br><br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയിലൂടെ ഗണിത സവിശേഷതകൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.<br><br>അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | ഗണിതാധ്യാപകർ | രക്ഷിതാക്കൾ, ഗണിത ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | 3) <u>ഗണിത ക്ലിനിക്ക്</u><br><br>ഗുണനക്രിയകളുടെ അടിസ്ഥാനശേഷികൾ കൈവരിക്കുക എന്നത് ഗണിത പഠനത്തിന് അത്യന്താപേക്ഷിതമാണ്. ഈയൊരു ലക്ഷ്യം മുൻനിർത്തി ഇതിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ്. | ഗണിത അധ്യാപക രും സമർത്ഥരാ യ കുട്ടികളും. | |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | A) <u>ജൈവവൈവിധ്യ പാർക്ക്</u><br><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ഉദ്യാനം എന്നിവ ഉൾക്കൊള്ളിച്ച് ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്. | പി ടി എ |
| | B) <u>കണ്ടറിയാനൊരു യാത്ര</u><br><br>കാവുകൾ സന്ദർശനം, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്ര അധ്യാപകർ. | രക്ഷിതാക്കൾ. |
| | C) <u>പരീക്ഷണ കളരി</u><br><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ | ജൂൺ മുതൽ. | ശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| | നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | | |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | A) ശാസ്ത്ര ക്ലബ്ബ് , ഊർജ്ജക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br><br>B) സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br><br>C) ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും.<br><br>D) ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ശാസ്ത്രസംബന്ധിയായ പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം. | ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | <u>അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്</u><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br><br><u>ഓർമ്മച്ചെപ്പ്</u><br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ)<br><br>അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ) |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | <u>Virtual field trip</u><br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ,SS club. | |

| | | | | |
|---|---|---|---|---|
| 3. ജനാധിപത്യപരമായ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br><br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം : നേർക്കാഴ്ച<br><br>ഭൂകമ്പം , സുനാമി , കൊടുങ്കാറ്റ് , വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം.<br><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |
| 6. വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം.<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ , സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ എടുക്കുന്നു. | അക്കാദമിക വർഷം. | SS club, സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| കുട്ടികളിലെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക, പരിസ്ഥിതിയോട് സൗഹൃദ മനോഭാവം വളർത്തുക, പുനരുപയോഗത്തിന്റെ സാധ്യതകൾ മനസ്സിലാക്കുക, സംരംഭകത്വം. | 1. ക്ലോത്ത് ബാഗ് നിർമ്മാണം, പേപ്പർ ബാഗ്, ഗ്രോ ബാഗ് നിർമ്മാണം. | ജൂൺ മുതൽ | അധ്യാപകർ | പ്രവൃത്തി പരിചയ ക്ലബ്ബ്, PTA. |
| കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കുക, വിഷമയമില്ലാത്ത പച്ചക്കറികളുടെ ആവശ്യകത മനസ്സിലാക്കുക | 2.കൃഷി,ഔഷധസസ്യങ്ങൾ. | ആഗസ്റ്റ് മുതൽ. | അധ്യാപകർ | പ്രവൃത്തി പരിചയ ക്ലബ്ബ്, PTA. |
| ജൈവകൃഷി ,സൂക്ഷ്മ പരിശോധന, സംഘ പ്രവർത്തനം, മാനസിക സമ്മർദ്ദ ലഘൂകരണം | 3. പൂന്തോട്ട നിർമ്മാണം. | സെപ്റ്റംബർ മുതൽ. | അധ്യാപകർ | പ്രവൃത്തി പരിചയ ക്ലബ്ബ്, PTA. |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ലക്ഷ്യം. റിമാർക്ക്സ്. |
|---|---|---|---|---|---|---|
| 1. | ആരോഗ്യ കായിക വിദ്യാഭ്യാസം. | കായിക ക്ഷമത പരിശോധിക്കൽ. | ജൂൺമാസം. | സ്കൂൾ സ്പോർട്സ് ക്ലബ്ബ്. | | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കായിക ക്ഷമത പരിശോധിക്കുക. തുടർന്ന് അവർക്ക് അനുയോജ്യമായ ആരോഗ്യ, കായിക മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ആക്ടിവിറ്റീസ് പ്ലാൻ ചെയ്യുക. |
| 2. | യോഗ ഡേ | യോഗ ഡേ ആചരണം. | ജൂൺ 21 | സ്കൂൾ സ്പോർട്സ് ക്ലബ്ബ്. | | സ്കൂളിലെ മുഴുവൻ കുട്ടികളെയും അധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗ പരിശീലനം. |

| | | | | | | |
|---|---|---|---|---|---|---|
| 3. | ആരോഗ്യ കായിക വിദ്യാഭ്യാസം. | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും എയ്റോബിക്സ് പരിശീലനം. | ജൂൺ മുതൽ ഫെബ്രുവരി വരെ. | കായിക അധ്യാപിക. | | കുട്ടികളുടെ Cardio Vascular Efficiency വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ വ്യായാമങ്ങളും ചെറുകളികളും പരിശീലിപ്പിക്കുക. |
| 4. | കായിക പ്രവർത്തനം. | സ്കൂളിൽ കബഡി , ഹാൻ്റ് ബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിൻറൺ, ബോൾ ബാഡ്മിൻറൺ തുടങ്ങിയ ഗെയിംസ് അത്‌ലറ്റിക്സ് പരിശീലനം. | ജൂൺ മുതൽ ഡിസംബർ വരെ. | കായിക അധ്യാപിക. | സ്കൂൾ സ്പോർട്സ് ഫണ്ട് | വിവിധ ഗെയിംസിന് ആവശ്യമായ പരിശീലനവും മറ്റ് സൗകര്യങ്ങളും നൽകി കായിക താരങ്ങളുടെ പെർഫോമൻസ് വർധിപ്പിക്കൽ. |

| | | | | | | |
|---|---|---|---|---|---|---|
| 5. | സ്കൂളിലെ ക്ലാസ് തല അത്ലറ്റിക്സ് മീറ്റ്. | | ജൂലൈ | അധ്യാപകർ, സ്പോർട്സ് ക്ലബ്ബ്. | സ്കൂൾ സ്പോർട്സ് ഫണ്ട്. | Talent identification from kids, sub junior and junior category boys and girls. |
| 6. | ആരോഗ്യ കായിക വിദ്യാഭ്യാസം. | ആക്ടിവിറ്റി ബുക്ക് പരിചയപ്പെടൽ, പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ. | കായിക അധ്യാപിക. | | ആരോഗ്യകായിക വിദ്യാഭ്യാസം കുട്ടികളിൽ ഫലപ്രദമായി വളർത്തിയെടുക്കാൻ ശ്രമം. |

# കലാ വിദ്യാഭ്യാസം

| NO: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഓരോ ക്ലാസിലെയും കുട്ടികളുടെ അഭിരുചിയുള്ള കലാമേഖല കണ്ടെത്തി അവയെ പരിപോഷിപ്പിക്കുവാൻ ഉള്ള പ്രവർത്തനങ്ങൾ സൃഷ്ടിക്കൽ. | വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വ്യത്യസ്ത കലാപരിപാടികൾ സംഘടിപ്പിക്കൽ. | June, July, August | Art tr | Arts club. |
| 2. | ആസക്തികൾ സൃഷ്ടിക്കുന്ന ലഹരി, ഫോൺ ഉപയോഗങ്ങളിൽ നിന്ന് കുട്ടികളെ സർഗാത്മകമായ കലാ ലോകത്തിലേക്ക് കൊണ്ടുവരിക. | ചിത്രരചനയിൽ നൈപുണ്യമുള്ളവരെ കണ്ടെത്തുക. ചുറ്റുമുള്ള പ്രകൃതിയെ നിരീക്ഷിച്ചു അവ വരച്ചു ക്ലാസ് തലത്തിൽ ചിത്രപ്രദർശനം സംഘടിപ്പിക്കുക. | September, October, November | Art tr | രക്ഷിതാക്കൾ, അധ്യാപകർ. |
| 3. | സ്കൂൾതലത്തിൽ വിവിധങ്ങളായ ചിത്രകലയുടെ ശൈലികൾ പരിചയിച്ച് ഗ്രൂപ്പുകളായി ചിത്രങ്ങൾ രചിച്ച് Exhibition നടത്തുക. | Clay ഉപയോഗിച്ച് ശില്പനിർമ്മാണം, വിവിധ ചിത്രരചനാ ശൈലികൾ വിവിധ മാധ്യമങ്ങളിൽ ചെയ്ത് പരിചയിക്കുക. | December November January | Art tr | രക്ഷിതാക്കൾ, അധ്യാപകർ. |